ആനുകൂല്യങ്ങളും കിട്ടത്തക്ക വിധത്തിലുള്ള വകുപ്പുണ്ടാകണം. അതുപോലെ പെൻഷന്റെ കാര്യത്തിൽ പറയുന്നത് family pension of not less than Rs. 150 എന്നാണ്. ഏതെങ്കിലും ഒരു തുകയ്ക്ക് ഒരുറപ്പ് ഉണ്ടാകുമല്ലോ, ഇതിനെ സംബന്ധിച്ചിടത്തോളം 150-ൽ കുറയാത്ത എന്ന ഒരു ഭേദഗതിയും തൊഴിലാളി മരിക്കുകയാണെങ്കിൽ അയാളുടെ മരണാനന്തര ചെലവിനു 1000 രൂപയിൽ കുറയാത്ത ഒരു തുകയും അവരുടെ financial assistance for marriage-നു 2,500 രൂപയിൽ കുറയാത്ത ഒരു തുകയും എന്ന ഭേദഗതികളും ഈ ബില്ലിൽ കൊണ്ടുവരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ ഭേദഗതികളും ഇന്നത്തെ കാലഘട്ടത്തിൽ അംഗീകരിക്കേണ്ടതാണ്. ഫ്ളോട്ടിംഗ് വർക്കറുടെ പെൻഷന്റെ കാര്യത്തിലും മരണാനന്തര തുകയുടെ കാര്യത്തിലും ഒരു നിജസ്ഥിതി ഈ ബില്ലിൽ തന്നെയുണ്ടാക്കണം. ഇക്കാര്യങ്ങളും അംഗീകരിക്കുവാൻ ബുദ്ധിമുട്ടുണ്ടാകുകയില്ല.

(ചർച്ച തുടരും)

(9) 1996-ലെ കേരള അഗ്രിക്കൾച്ചറൽ വർക്കേഴ്സ് (ഭേദഗതി) ബിൽ

ശ്രീ. സി കെ. ചന്ദ്രപ്പൻ: സർ, കേരള അഗ്രിക്കൾച്ചറൽ വർക്കേഴ്സ് ഭേദഗതി ബിൽ കൊണ്ടുവരുന്നത് കാലോചിതമായ ഒരു കാര്യം കൂടി ചേർക്കണമെന്നുള്ളതുകൊണ്ടാണ്. ഈ നിയമം പാസ്സാക്കിയ കാലത്ത് 'കൃഷി' എന്നു പറഞ്ഞാൽ പാടത്തും പറമ്പിലുമുള്ള കൃഷി എന്ന ചുരുങ്ങിയ സങ്കല്പം ആയിരുന്നു. ഇപ്പോൾ കാർഷികമേഖല വികസിച്ചിട്ടുള്ള ഒരു കാലഘട്ടത്തിൽ കന്നുകാലി വളർത്തൽ ഇതിന്റെ ഭാഗമായിട്ടുണ്ട്. ആ സെക്ടറിൽ വന്നിട്ടുള്ള ഒരു വലിയ തൊഴിൽ വിഭാഗമാണ് കറവക്കാർ. കൂലി വാങ്ങിച്ച് കൃഷിക്കാരൻ വളർത്തുന്ന പശുവിനെ ഇവർ കറന്ന് കൊടുക്കുന്നു. ഇന്ന് കേരളത്തിൽ ആയിരക്കണക്കിനു തൊഴിലാളികളും ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു. അവരെക്കൂടി കർഷകത്തൊഴിലാളികളായി പരിഗണിച്ച് ഈ നിയമത്തിന്റെ ആനുകൂല്യം അവർക്കുകൂടി കിട്ടണമെന്ന അടിസ്ഥാനത്തിലാണ് ഞാൻ ഭേദഗതി അവതരിപ്പിക്കുന്നത്. ഇതും അംഗീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. തച്ചടി പ്രഭാകരൻ: ഇപ്പോൾ വീടുകളിൽ അവരവർ തന്നെയാണ് പശുവിനെ കറക്കുന്നത്. അങ്ങനെ ഒരു വിഭാഗം തൊഴിലാളികളും ഇല്ല.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: ശ്രീ. തച്ചടി പ്രഭാകരൻ പറയുന്നത് നുണയാണ്. അദ്ദേഹത്തിന്റെ വീട്ടിൽ രണ്ട് കറവക്കാർ എങ്കിലും കറക്കാൻ വരുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇപ്പോൾ ധാരാളം ആൾക്കാർ ഇതൊരു ജോലിയായി സ്വീകരിക്കുന്നുണ്ട്. അതുകൊണ്ട് ഈ ബിൽ അംഗീകരിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

(ചർച്ച തുടരും)

(10) 1996-ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) ബിൽ

(ശ്രീ. എ. യൂനസ് കുഞ്ഞ് നോട്ടീസ് നൽകിയത്) (ചർച്ച തുടർച്ച)

ശ്രീ. എ. യൂനസ് കുഞ്ഞ്: സർ, 1996-ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. കേരള ഭൂപരിഷ്ക്കരണ ആക്ടിനെപ്പറ്റി ഞാൻ ഉദ്ദേശിക്കുന്നത് ബഹുമാനപ്പെട്ട ചന്ദ്രപ്പൻ പറഞ്ഞ കണക്കല്ല, കേരളത്തിലുള്ള മിക്കവാറും നാണ്യവിളകളെല്ലാം തോട്ടപരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly